## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 798.    12.12.2012-ൽ മറുപടിയ്ക്ക്**

### മരുമല പി.എച്ച്.സി. കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.റ്റി.എ. റഹീം | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ പെരുവയൽ പഞ്ചായത്തിൽ മരുമലയിലുള്ള കൊണാറമ്പ് പി.എച്ച്.സി. കെട്ടിടങ്ങളും, സ്റ്റാഫ് ക്വാർട്ടേഴ്സും ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ചെറുപ്പ എം.സി.എച്ച്. യൂണിറ്റിന്റെ കീഴിലുള്ള സബ്സെന്ററാണ് മരുമലയിലുള്ള കൊണാറമ്പ് എന്ന സ്ഥലത്തുള്ളത്. അവിടെ പി.എച്ച്.സി. പ്രവർത്തിക്കുന്നില്ല. അവിടെയുള്ള ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുമ്പ് ഈ കെട്ടിടത്തിൽ ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികൾ ഹൗസ് സർജൻസിയുടെ ഭാഗമായി കുട്ടികളുടെ കുത്തിവെയ്പ്, ഗർഭിണികളുടെ പരിശോധന മുതലായവ നടത്തി വരുന്നു. |
| (സി) | ഇവിടെ ഡോക്ടറെ നിയമിച്ച് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇവിടെ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ആരുടെ കൈവശത്തിലാണ്; ഇതു സംരക്ഷിക്കേണ്ട ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സബ്സെന്ററുകൾ പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ